**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 604** **06-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി 2022 ജൂലൈ മാസം മുതൽ ആരംഭിച്ച മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **23/11/2022 തീയതിയിൽ ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ച്** 86,697 **പേർക്ക് ആകെ** 257,14,71,250 **കോടി രൂപയുടെ ചികിത്സയ്ക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.** |
| (ബി) | അപേക്ഷിച്ച ആർക്കെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കാതെയിരുന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **RFP യിലെയും MoU ലെയും വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള യാതൊരു ആനുകൂല്യങ്ങളും മെഡിസെപ് ഗുണഭോക്താക്കൾക്ക് നിരസിച്ചിട്ടില്ല എന്ന് ഇൻഷ്വറൻസ് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.** |
| (സി) | ഇതുവരെ ഏതെല്ലാം ആശുപത്രികളിലാണ് ഇതിന്റെ ചികിത്സ സൗകര്യം നിലവിലുള്ളത്; ലിസ്റ്റ് നൽകാമോ; | (സി) | **പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്ത് ലഭ്യമാക്കിയ മെഡിസെപ് ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (ഡി) | പുതിയതായി ഏതെങ്കിലും ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **പദ്ധതിയിലേക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആശുപത്രികളുടെ എം പാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്. മെഡിസെപ് പദ്ധതിയുടെ നിലവിലുള്ള കാലയളവായ മൂന്നു വർഷത്തിനുള്ളിൽ (2022-25) പുതുതായി പദ്ധതിയിൽ ചേരാൻ താൽപര്യപ്പെടുന്ന ആശുപത്രികളെ മാനദണ്ഡങ്ങൾക്കു വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.** |

സെക്ഷൻ ഓഫീസർ